**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1454** **19-06-2024 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണ ഫണ്ട് അനുവദിച്ച പയ്യന്നൂർ മണ്ഡലത്തിലെ ജി.എൽ.പി.എസ്. നരമ്പിൽ, എ.കെ.എ.എസ്.ജി.വി.എച്.എസ്.എസ്. പയ്യന്നൂർ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) | പയ്യന്നൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭൗതികസൗകര്യ വികസനത്തിനായി അനുവദിച്ച ജി.എൽ. പി.എസ് നരമ്പിൽ സ്കൂളിന്റെ DPR കിഫ്ബിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.<br><br>എ.കെ.എ.എസ്.ജി.വി.എച്ച്.എസ്. എസ്. പയ്യന്നൂർ സ്കൂളിന് 03/06/2024 ന് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. Project Execution Document അംഗീകാരത്തിനായി നൽകിയിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. 2024 മെയ് മാസം 3ാം തീയതി കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയും പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിച്ച് നിർമാണ പ്രവൃത്തികൾ വേഗത്തിൽ ആക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ